മംഗളം 5 February 2018



▪ സി.എം.എഫ്.ആർ.ഐയുടെ 71-ാമത് സ്ഥാപക ദിനത്തോടനുബന്ധിച്ച് നടത്തിയ പ്രദർശനത്തിൽ വിവിധയിനം ഞണ്ടുവർഗങ്ങൾ കാണുന്ന വിദ്യാർഥികൾ

# സി.എം.എഫ്.ആർ.ഐ. കടലറിവ് പ്രദർശനം ശ്രദ്ധേയം

കൊച്ചി: ആഴിയറിവിന്റെ അറിയാക്കാഴ്ചകൾ തുറന്നിട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) ഒരുക്കിയ പ്രദർശനം ശ്രദ്ധേയമായി. സി.എം.എഫ്.ആർ.ഐയുടെ 71-ാമത് സ്ഥാപകദിനത്തിന്റെ ഭാഗമായി നടത്തിയ പ്രദർശനത്തിൽ കടലറിവിന്റെ അത്ഭുതങ്ങളും സമുദ്രജൈവവൈവിധ്യങ്ങളുടെ വിസ്മയങ്ങളും കാണാൻ വിദ്യാർഥികളുടെയും പൊതുജനങ്ങളുടെയും വൻതിരക്കായിരുന്നു.

കൗതുകമുണർത്തുന്നതും വിജ്ഞാനപ്രദവുമായ കാഴ്ചകളും അറിവുകളുമാണ് സന്ദർശകർക്ക് മുന്നിൽ അനാവരണം ചെയ്തത്. വിലകൂടിയ മുത്തുകളും, മുത്തുചിപ്പി കൃഷി ചെയ്ത് അവ വേർതിരിച്ചെടുക്കുന്ന രീതികളും പ്രദർശനത്തിൽ ഏറെ ശ്രദ്ധ പിടിച്ചുപറ്റി. സി.എം.എഫ്.ആർ.ഐയിലെ കക്കവർഗ ഗവേഷണ വിഭാഗം കൃഷി ചെയ്ത് വേർതിരിച്ചെടുത്ത, ഒരു ഗ്രാമിന് 1500 രൂപ വരെ വിലയുള്ള മുത്തുകളാണ് പ്രദർശിപ്പിച്ചത്. അവയുടെ വിൽപനയുമുണ്ടായിരുന്നു.

സി.എം.എഫ്.ആർ.ഐയിലെ വിവിധ ഗവേഷണ വിഭാഗങ്ങളുടെ നേതൃത്വത്തിലാണു പ്രദർശനം നടന്നത്. ആനത്തിരണ്ടി, ഗിത്താർ മത്സ്യം, വിവിധയിനം സ്രാവുകൾ തുടങ്ങി 54 ഇനം അടിത്തട്ട് മത്സ്യങ്ങളും 52 ഇനം ഉപരിതല മത്സ്യങ്ങളും 30 ഇനം ചെമ്മീൻ-ഞണ്ട് വർഗങ്ങളും പ്രദർശനത്തിൽ കാഴ്ചക്കാരെ ആകർഷിച്ചു.

സമുദ്ര ജൈവവൈവിധ്യ മ്യൂസിയത്തിൽ ഒരുക്കിയ കടൽപശു, കടൽവെള്ളരി, കടൽക്കുതിര, ഏറ്റവും വലിയ മത്സ്യമായ തിമിംഗല സ്രാവ് എന്നിവ കാഴ്ചക്കാരിൽ കൗതുകമുണർത്തി.

മീനുകളുടെ വയസ് കണ്ടെത്തുന്നതിനു വേണ്ടിയുള്ള പരീക്ഷണശാല സന്ദർശകർക്കു വേറിട്ട അനുഭവമായിരുന്നു. മീനുകളുടെ പ്രായം തിട്ടപ്പെടുത്തുന്നതിന്റെ വിവിധ പ്രവർത്തനങ്ങളും അതിനുപയോഗിക്കുന്ന ഉപകരണങ്ങളും ഗവേഷകർ പൊതുജനങ്ങൾക്കു പരിചയപ്പെടുത്തി. ഇന്ത്യൻ തീരങ്ങളിൽ നിന്ന് പിടിക്കപ്പെടുന്ന മത്തിയുടെ ശരാശരി പ്രായം ഒരു വയസിൽ താഴെയും അയലയുടേത് ഒരുവർഷവുമാണ് പഠനത്തിൽ കണ്ടെത്താനായതെന്നു ശാസ്ത്രസംഘം വിശദീകരിച്ചു.

സി.എം.എഫ്.ആർ.ഐയിലെ സമുദ്രമത്സ്യകൃഷി വിഭാഗം ഒരുക്കിയ വിവിധ മത്സ്യകൃഷി രീതികളുടെ മാതൃകകൾ ആളുകളെ കൃഷി ചെയ്യാൻ പ്രേരിപ്പിക്കുന്നതായിരുന്നു. അക്വാപോണിക്സ്, കൂടുമത്സ്യകൃഷി, അലങ്കാര മത്സ്യകൃഷി എന്നിവയുടെ മാതൃകകൾക്ക് പുറമെ, കുറഞ്ഞ തോതിൽ മാത്രം ജലം ഉപയോഗിച്ചു ചെയ്യാവുന്ന നൂതന ജലകൃഷി സംവിധാനമായ റീസർക്കുലേറ്റിങ് അക്വാകൾച്ചർ സിസ്റ്റത്തിന്റെ (റാസ്) പ്രവർത്തന മാതൃക വിദ്യാർഥികളെയടക്കം ആകർഷിച്ചു.

കൂടാതെ, കടൽ വെള്ളത്തിനു നിറം നൽകുന്ന സൂക്ഷ്മ ആൽഗകൾ, കടലിലെ വർണമത്സ്യങ്ങളുടെ ശേഖരമായ മറൈൻ അക്വേറിയം എന്നിവയും സന്ദർശകരുടെ മനം കവർന്നു. സി.എം.എഫ്.ആർ.ഐ. വികസിപ്പിച്ച സാങ്കേതിക വിദ്യകൾ പ്രദർശിപ്പിച്ച ആറ്റിക്, ഹാച്ചറി, വിവിധ ലബോറട്ടറികൾ എന്നിവിടങ്ങളിലും സന്ദർശകരുടെ തിരക്കനുഭവപ്പെട്ടു. വിവിധയിനം കണ്ടൽച്ചെടികൾ, കടൽപ്പായലുകൾ തുടങ്ങിയവയുടെ പ്രദർശനവും കടലിൽ പ്ലാസ്റ്റിക് മാലിന്യം അടിഞ്ഞുകൂടുന്നതിന്റെ പ്രത്യാഘാതങ്ങൾ വിവരിക്കുന്ന സ്റ്റാളുകളുമുണ്ടായിരുന്നു.

## കാലാവസ്ഥാ വ്യതിയാനത്തിന്റെ കഥകൾ പറഞ്ഞ് നിക്ര

കാലാവസ്ഥാ വ്യതിയാനം മത്സ്യമേഖലയിൽ ഏതൊക്കെ രീതിയിൽ ബാധിക്കുന്നുവെന്നത് വിശദീകരിക്കുന്നതായിരുന്നു സി.എം.എഫ്.ആർ.ഐയിലെ നാഷണൽ ഇന്നൊവേഷൻസ് ഓൺ ക്ലൈമറ്റ് റെസിലിയന്റ് അഗ്രികൾച്ചർ (നിക്ര) പദ്ധതിയുടെ സ്റ്റാൾ.

കാലാവസ്ഥാ വ്യതിനായനം കാരണമായി സമുദ്രജല ഊഷ്മാവ് വർധിച്ചതും മത്സ്യങ്ങളുടെ പ്രജനന-ആവാസവ്യവസ്ഥകളിൽ വന്ന മാറ്റവും മീനുകളുടെ പാലായനവും സി.എം.എഫ്.ആർ.ഐയിലെ നിക്ര ഗവേഷണ പദ്ധതിയിൽ പ്രവർത്തിക്കുന്ന ഗവേഷകർ സന്ദർശകരോടു വിശദീകരിച്ചു.

കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തുന്ന പദ്ധതിയാണ് നിക്ര.